# <u>അക്കാദമിക മാസ്റ്റർ പ്ലാൻ</u>

# 2025-26

ജി എൽ പി എസ് ചാലിങ്കാൽ

# ആമുഖം

കാസറഗോഡ് ജില്ലയിലെ പ്രൈമറി വിദ്യാഭ്യാസമേഖലയിൽ ശ്രദ്ധേയമായ വിദ്യാലയമാണ് ബേക്കൽ ഉപജില്ലയിലെ ഗവ. എൽ.പി സ്കൂൾ ചാലിങ്കാൽ. 1946 ൽ സ്ഥാപിതമായ ഈ വിദ്യാലയം പ്രഗത്ഭരായ നിരവധി പൂർവ്വ വിദ്യാർത്ഥികളാലും അധ്യാപകരാലും സമ്പന്നമാണ്.. ഒന്ന് മുതൽ നാലുവരെ ക്ലാസുകളിലായി 80 ഓളം വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിൽ പഠനം നടത്തുന്നു. പ്രി-പ്രൈമറി വിഭാഗത്തിൽ 30 ഓളം കുട്ടികളുണ്ട്. നിലവിൽ എം.എൽ.എ ഫണ്ടിൽനിന്നും അനുവദിച്ച പുതിയ കെട്ടിടത്തിലും പഴയ കെട്ടിടത്തിലുമായി സ്കൂൾ പ്രവർത്തനം നടക്കുന്നു. 2025 ഓടെ സമ്പൂർണ്ണ-ഹൈടെക്, ഹരിതവിമലവിദ്യാലയം എന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

# ഭൗതിക മേഖല

പ്രവർത്തനം -

### ലൈബ്രറി ശാക്തീകരണം

കുട്ടികളുടെ വായന പരിപോഷണവുമായി ബന്ധപ്പെട്ട് നിലവിലുള്ള രണ്ടായിരത്തിലേറെ പുസ്തകങ്ങളെ ക്രമപ്പെടുത്തിവയ്ക്കുന്നതിനും വായനാമുറി സജ്ജമാക്കുന്നതിനും ആലോചിക്കുന്നുണ്ട്. ഓരോ ക്ലാസിനും ആവശ്യമായ പുസ്തകം പ്രത്യേകം പ്രത്യേകമായി അടുക്കിവെക്കുന്നതിനു മുള്ള സൗകര്യങ്ങൾ ഏർപ്പെ ടുത്തി.പുസ്തകങ്ങൾ എടുക്കുമ്പോഴും തിരിച്ചേടുക്കുമ്പോഴും രേഖപ്പെടുത്തുന്ന രജിസ്റ്റർ തയ്യാറാക്കുക, ആകർഷണീയമായ രീതിയിൽ വായനാമൂലകൾ സജ്ജീകരിക്കുക.

### വിവിധ ലാബുകൾ - സജ്ജീകരണം

ശാസ്ത്ര-ഗണിതലാബ് സജ്ജീകരണത്തിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക. ശാസ്ത്ര, ഗണിത ശാസ്ത്ര പഠനോപകരണങ്ങൾ കുട്ടികൾക്ക് പഠനത്തിന് സൗകര്യമായ രീതിയിൽ ക്രമീകരിക്കുക.

### കുട്ടികളുടെ ആകാശവാണി

കുട്ടികളുടെ അക്കാദമികവും കലാപരവുമായ മികവുകൾ പ്രകടിപ്പിക്കുന്നതിനുപകരിക്കുന്ന ആകാശവാണി സജ്ജീകരണം. ഓരോ ക്ലാസ് മുറികളിലും സൗണ്ട് ബോക്സുകൾ ക്രമീകരിക്കൽ, ആകാശവാണി പരിപാടികൾ അവതരിപ്പിക്കുന്നതിന് അനുയോജ്യമായ ഇടം , മൈക്ക് എന്നിവ റെഡിയാക്കൽ.

### പുരാവസ്തു മ്യൂസിയം

കുട്ടികൾക്ക് അപരിചിതവും അന്യമായിപ്പോകുന്നതുമായ പുരാവസ്തുക്കൾ ശേഖരിച്ച് അവ ആകർഷണീയമായ രീതിയിൽ പ്രദർശിപ്പിക്കുന്നതിനും അവയെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ അറിയുന്നതിനും പറ്റിയ രീതിയിൽ പ്രദർശിപ്പിക്കാൻ സൗകര്യം ഒരുക്കൽ.

### ജൈവോദ്യാനം

വ്യത്യസ്തമായ ചെടികൾ, പൂക്കൾ, ഔഷധസസ്യങ്ങൾ ഇവയെക്കുറിച്ച് അറിയാനും പരിചരിക്കാനും പറ്റുന്നരീതിയിൽ ഒരു ജൈവോദ്യാനം തയ്യാറാക്കൽ. പൂച്ചട്ടികൾ വാങ്ങൽ , ചെടികൾ നടൽ - പരിചരണം തുടങ്ങിയവ. ആകർഷണീയമായ രീതിയിൽ Hanging pots സജ്ജീകരിക്കൽ.

## ആരോഗ്യശുചിത്വമേഖല

- പ്രഥമ ശുശ്രൂഷാ കിറ്റിൽ ആവശ്യമായ സാധനങ്ങൾ ഒരുക്കൽ കുട്ടികൾക്ക് ആരോഗ്യശുചിത്വ ബോധവൽക്കരണക്ലാസുകൾ.
- ശുദ്ധമായ  കുടിവെള്ളം എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തൽ
- ഉച്ചഭക്ഷണ അവശിഷ്ടങ്ങൾ കൃത്യമായി ശേഖരിക്കൽ, സംസ്കരിക്കൽ ആരോഗ്യകാർഡ് വിതരണം(കുട്ടികൾക്ക്)

## സാമൂഹ്യ മേഖല

- പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം സ്കൂൾ സപ്പോർട്ട് ഗ്രൂപ്പായി പരമാവധി പ്രയോജനപ്പെടുത്തുക.
- വിദ്യാഭ്യാസ ഗുണമേന്മാപദ്ധതി വിജയിപ്പിക്കുന്നതിന് വിദ്യാലയവികസനസമിതി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.
- രക്ഷിതാക്കൾക്കുള്ള ആരോഗ്യബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.
- ഗ്രീൻ പ്രോട്ടോകോൾ വിദ്യാലയമായി മാറ്റുന്നതിനുള്ള . പ്രവർത്തനങ്ങൾസംഘടിപ്പിക്കുക.
- ശില്പശാലകൾ നടത്തി അക്കാദമിക നിർദ്ദേശങ്ങൾ ക്രോഡീകരിക്കുക.
- പി.ടി.എ, എം.പി.ടി.എ ശാക്തീകരണം
- സ്കൂൾ നിയമാവലി തയ്യാറാക്കി നടപ്പാക്കുക.

സ്കൂൾ ലൈബ്രറി / ക്ലാസ് ലൈബ്രറി നവീകരണം

ഉപമേഖല - വായന പരിപോഷണം

- മുഴുവൻ കുട്ടികളെയും സ്വതന്ത്രവായനയ്ക്ക് പ്രാപ്തരാക്കുന്നു.
- ഓരോ ക്ലാസിലും ക്ലാസ് ലൈബ്രറി ഒരുക്കുന്നു.
- സ്കൂൾ ലൈബ്രറിയിൽ വിഷയാടിസ്ഥാനത്തിൽ പുസ്തകങ്ങൾ ഒരുക്കുന്നു.

പ്രവർത്തനങ്ങൾ

- കു ട്ടി ലൈബ്രേറിയൻമാർ.
- സ്കൂൾ ലൈബ്രറിയിൽ വിഷയം , വിഭാഗം അടിസ്ഥാന ത്തിൽ പുസ്തകങ്ങൾ സജ്ജീകരിക്കുന്നു. പുസ്തക വിതരണത്തിന് ആഴ്ചയിൽ സമയം നിശ്ചയിക്കുന്നു.
- സ്കൂൾ ലൈബ്രറി / ക്ലാസ് ലൈബ്രറി നവീകരണം

ഉപമേഖല - വായന പരിപോഷണം

ലക്ഷ്യങ്ങൾ

- മുഴുവൻ കുട്ടികളെയും സ്വതന്ത്രവായനയ്ക്ക് പ്രാപ്തരാക്കുന്നു.
- ഓരോ ക്ലാസിലെയും കുട്ടികളുടെ വായനാതലം, ഉള്ളടക്കം എന്നിവ പരിഗണിച്ച് ക്ലാസ് ലൈബ്രറി ഒരുക്കുന്നു.
- സ്കൂൾ ലൈബ്രറിയിൽ വിഷയാടിസ്ഥാനത്തിൽ പുസ്തകങ്ങൾ ഒരുക്കുന്നു.

പ്രവർത്തനങ്ങൾ

കുട്ടി ലൈബ്രേറിയൻമാർ

- സ്കൂൾ ലൈബ്രറിയിൽ വിഷയം, വിഭാഗം അടിസ്ഥാനത്തിൽ പുസ്തകങ്ങൾ സജ്ജീകരിക്കുന്നു. പുസ്തക വിതരണത്തിന് ആഴ്ചയിൽ സമയം നിശ്ചയിക്കുന്നു. കുട്ടി ലൈബ്രേറിയന്റെ സഹായത്തോടെ കുട്ടികൾ പുസ്തകം തെരഞ്ഞെടുക്കുന്നു.
- ഓരോ കുട്ടിക്കും ലൈബ്രറി അംഗത്വകാർഡ് നൽകുന്നു. (ക്ലാസുകൾക്ക് വെവ്വേറെ നിറത്തിൽ)
- ഫലപ്രദമായ ക്ലാസ് ലൈബ്രറി ഒരുക്കൽ
- ജന്മദിനത്തിൽ പുസ്തകം നൽകി ക്ലാസ് ലൈബ്രറി ശാക്തീകരിക്കുന്നു.
- ക്ലാസ് റൂം വായന - ആശയ ഗ്രഹണ വായന, ശ്രാവ്യവായന ഓരോ കുട്ടിയും സ് വായത്തമാക്കാനുള്ള

പ്രവർത്തനങ്ങൾ നടത്തുന്നു.

- വായനകുറിപ്പുകൾ തയ്യാറാക്കാൻ വേണ്ട സഹായവും നിർദ്ദേശവും നൽകുന്നു.
- അമ്മവായന - കുട്ടികളുടെ അമ്മമാർക്കായി പുസ്തകങ്ങൾ നൽകുന്നു
- വായനാചരണദിനത്തിൽ അമ്മമാർക്കായി വായനമത്സരം, വായന, ക്വിസ് എന്നിവ നടത്തുന്നു.
- സ്കൂൾ ആകാശവാണിയിലൂടെ വായന കുറിപ്പുകളുടെ അവതരണം.
- വിദ്യാരംഗം കലാസാഹിത്യവേദി - കുട്ടികൾക്കായി വൈവിധ്യമാർന്ന വായന രചന പരിപാടികൾ നടത്തുന്നു.
- ക്ലാസ് മാഗസിൻ, സ്കൂൾ മാഗസിൻ
- വായനപന്തൽ- ആനുകാലികങ്ങൾ, കഥാപുസ്തകങ്ങൾ, ദിനപത്രം എന്നിവ സജ്ജീകരിച്ച് വായനാനുഭവങ്ങൾ ചർച്ചചെയ്യാനും പങ്കിടാനുമുള്ള വേദിയാക്കുന്നു.
  .പഴഞ്ചൊല്ല്, കവിത (താളമിട്ടു പാടുന്നു )ശേഖരണം.
  .കാവ്യാവിഷ്കാരം, പാവനാടകം, റീഡേഴ്സ് തിയേറ്റർ അവതരണം.

## ഇംഗ്ലീഷ് ഭാഷാ പഠനം / Sweet English

പ്രവർത്തനം -

ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം
ലക്ഷ്യം
എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം ഉണ്ടാക്കിയെടുക്കുക.
പ്രവർത്തനങ്ങൾ

- ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും
- ഇംഗ്ലീഷിൽ അവതരിപ്പിക്കുക (ഓരോ ആഴ്ചയിലും ഓരോ ക്ലാസിന് ചുമതല)
- അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ

കാലാവധി - ആഴ്ചയിൽ ഒരു ദിവസം

ചുമതല - ക്ലാസ് ടീച്ചർ

പ്രവർത്തനം -

ഇംഗ്ലീഷ് ഡയറി

ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം

തെറ്റുകൂടാതെ ഇംഗ്ലീഷ് മാധ്യമത്തിലൂടെ ഡയറി എഴുതാനുള്ള ശേഷി നേടുക.

പ്രവർത്തനങ്ങൾ

- ഇംഗ്ലീഷ് ഡയറി മാതൃകകൾ പരിചയപ്പെടുത്തൽ.
- വീട്ടിലെ / വിദ്യാലയത്തിലെ സംഭവങ്ങൾ ഇംഗ്ലീഷിൽ പറയാൻ അവസരം നൽകൽ.
- സ്വന്തമായി ഡയറി എഴുതൽ.

പ്രവർത്തനം -

ഇംഗ്ലീഷ് തിയേറ്റർ

ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം

- പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് പഠനത്തിന്റെ മേന്മകൾ സമൂഹത്തെ അറിയിക്കൽ.
- കുട്ടികളിലെ ഭാഷാ നൈപുണികൾ വികസിപ്പിക്കുക.
- ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ.

പ്രവർത്തനങ്ങൾ

**English skit, story** വീഡിയോ പ്രദർശനം

- Converstion, skit സാധ്യതയുള്ള യൂണിറ്റുകൾ കണ്ടെത്തി അവതരിപ്പിച്ച് പരിശീലനം നൽകൽ.
- ഇംഗ്ലീഷ് അസംബ്ലിയിൽ Skit, drama അവതരിപ്പിക്കൽ.
-

ചുമതല - ക്ലാസ് ടീച്ചർ

പ്രവർത്തനം -

**Converstion, skit** സാധ്യതയുള്ള യൂണിറ്റുകൾ കണ്ടെത്തി അവതരിപ്പിക്കാൻ പരിശീലനം നൽകൽ

ഇംഗ്ലീഷ് അസംബ്ലിയിൽ Skit, drama അവതരിപ്പിക്കൽ
ചുമതല - ക്ലാസ് ടീച്ചർ
പ്രവർത്തനം -

## പഠനയാത്രകൾ

മേഖല-ഉപമേഖല - അക്കാദമികം / പരിസ്ഥിതി

പ്രത്യക്ഷാനുഭവത്തിലൂടെ പരിസ്ഥിതിയെ തൊട്ടറിഞ്ഞ് പാരിസ്ഥിതിക അവബോധം വളർത്തുന്നതിനും പരിസ്ഥിതി സംരക്ഷണ പ്രാധാന്യം തിരിച്ചറിയുന്നതിനും പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിനും.

പ്രവർത്തനങ്ങൾ

പരിസ്ഥിതി കലണ്ടർ രൂപീകരണം
പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി സന്ദർശനം

കാലം

ചുമതല  പരിസ്ഥിതി ക്ലബ്ബ്

പ്രവർത്തനം ശാസ്ത്ര ലാബ്

ഉപമേഖല - ശാസ്ത്രം

## ശാസ്ത്രപഠനം പ്രൈമറി ക്ലാസുകൾ മുതൽ തന്നെ ശാസ്ത്രീയമാക്കുക.

പരീക്ഷണ-നിരീക്ഷണ പ്രവർത്തനങ്ങളിലൂടെ

പ്രവർത്തനങ്ങൾ

സൗകര്യപ്രദമായ ഒരു മുറി ശാസ്ത്രലാബ് സജ്ജീകരിക്കുന്നതിനായി മാറ്റിവെച്ച് ശാസ്ത്രലാബ് ക്രമീകരിക്കൽ.

ചുമതല - ശാസ്ത്രക്ലബ്ബ്

പ്രവർത്തനം -

കുട്ടി റേഡിയോ (ആകാശവാണി)

ഉപമേഖല - ഭാഷയുടെ പ്രകടനപരത

സർഗ്ഗാത്മക കഴിവും, അവതരണ മിക വും കൈവരിക്കൽ പ്രവർത്തനങ്ങൾ
റേഡിയോ നിലയം (പ്രത്യേക മുറി) സജ്ജീകരിക്കൽ
ക്ലാസ് പ്രവർത്തനങ്ങളിൽ മികച്ചവ (ഏത് തരം വ്യവഹാര രൂപവും
ക്ലാസ്സ് തല / സ്കൂൾ തല / പൊതു വാർത്തകൾ ദിനാചരണ പ്രാധാന്യം
കുട്ടികളുടെ മറ്റു സർഗ്ഗാത്മക പ്രവർത്തനങ്ങളും ലിസ്റ്റ് ചെയ്യുക.

അവതരണം

കാലം

- എല്ലാദിവസവം ഒഴിവുസമയങ്ങളിൽ

ചുമതല - എസ്.ആർ.ജി

സാമ്പത്തികവിശകലനം

പത്രവാർത്തയുടെ ഘടന ഉൾക്കൊണ്ട് വാർത്തകൾ സൃഷ്ടിക്കുന്നതിന് പത്രവാർത്ത എന്ന വ്യവഹാരരൂപം കൃത്യമായി അറിയുന്നതിന്

പ്രവർത്തനങ്ങൾ

വാർത്തശേഖരണം, രചന, എഡിറ്റിംഗ് ഗ്രൂപ്പുകളാക്കൽ.

ഒരാഴ്ചക്കാലത്തെ വിദ്യാലയ/ ക്ലാസ് പ്രവർത്തനങ്ങൾ മനസ്സിലാക്കി കുറിച്ചുവെക്കൽ
കുറിച്ചുവെച്ച കാര്യങ്ങൾ വാർത്താരൂപത്തിൽ എഴുതൽ,
എഡിറ്റിംഗ്,
പത്രത്തിന്റെ കെട്ടും മട്ടും പാലിച്ച് രചന,
ആഴ്ചയിൽ ഒരു പത്രം
അസംബ്ലിയിൽ പ്രകാശനം,
ക്ലാസ് ലൈബ്രറിയിൽ പ്രദർശനം.

പ്രവർത്തനം -

ദിനപത്രങ്ങൾ

പ്രവർത്തനം - നാടകക്കളരി / ക്യാമ്പ്

ഉപമേഖല - ഭാഷയുടെ സർഗ്ഗാത്മക വികസനം

കുട്ടികളിലെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കാൻ വേദിയൊരുക്കുക
പാഠഭാഗങ്ങളിൽ നാടകീകരണ സാധ്യതയുള്ളവ കണ്ടെത്തി അവതരിപ്പിക്കൽ.

പ്രവർത്തനങ്ങൾ

അഭിനയ മുഹൂർത്തങ്ങൾക്ക് സാധ്യതയുള്ള വ അവതരിപ്പിക്കൽ. പാഠഭാഗങ്ങൾ കണ്ടെത്തി
വ്യവഹാര രൂപങ്ങളെ നാടകീകരണത്തിലേക്ക്മാറ്റി അവതരണം
പ്രദേശത്തുള്ള നാടകകലാകാരന്മാരുടെ സഹായം പ്രയോജനപ്പെടുത്തി നാടക ശില്പശാലകൾ, ക്യാമ്പുകൾ സംഘടിപ്പിക്കൽ
വർഷാവസാനം ക്ലാസിനൊരു നാടകം.

പ്രവർത്തനം -

വായനാകോർണർ

ഉപമേഖല - പത്രവായന പരിപോഷണം

വിവിധ ആനുകാലികങ്ങളിലെ വിവരങ്ങൾ വായിച്ചറിയുക.
പത്രവായന പ്രോത്സാഹിപ്പിക്കുക
വിദ്യാലയത്തിൽ പറ്റിയ സ്ഥലം കണ്ടെത്തി വായനാകോർണർ
പ്രവർത്തനങ്ങൾ സജ്ജീകരിക്കുക.
വായനകോർണറിൽ ദിനപത്രങ്ങൾ, ആനുകാലികങ്ങൾ, ബാലമാസികകൾ (യുറീക്ക, തത്തമ്മ.......) എന്നിവ
എത്തിക്കുക.
വിദ്യാലയത്തിൽ ഒരു വാർത്താബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുക.
മാസാവസാനം പത്രങ്ങളിലെ പ്രധാന വാർത്തകൾ ഉൾപ്പെടുത്തി പത്ര ക്വിസ് സംഘടിപ്പിക്കുന്നു.

പ്രവർത്തനം - കുട്ടിപ്പത്രം

ഉപമേഖല

ലക്ഷ്യങ്ങൾ പത്രവാർത്തയുടെ ഘടന ഉൾക്കൊണ്ട് വാർത്തകൾ സൃഷ്ടിക്കുന്നതിന് പത്രവാർത്ത എന്ന വ്യവഹാരരൂപം കൃത്യമായി അറിയുന്നതിന്.

പ്രവർത്തനങ്ങൾ

- വാർത്തശേഖരണം, രചന, എഡിറ്റിംഗ് ഗ്രൂപ്പുകളാക്കൽ.
- ഒരാഴ്ചക്കാലത്തെ വിദ്യാലയ/ ക്ലാസ് പ്രവർത്തനങ്ങൾ മനസ്സിലാക്കി കുറിച്ചുവെക്കൽ
- കുറിച്ചുവെച്ച കാര്യങ്ങൾ വാർത്താരൂപത്തിൽ എഴുതൽ
- എഡിറ്റിംഗ്
- പത്രത്തിന്റെ കെട്ടും മട്ടും പാലിച്ച് രചന
- ആഴ്ചയിൽ ഒരു പത്രം
- അസംബ്ലിയിൽ പ്രകാശനം

- ക്ലാസ് ലൈബ്രറിയിൽ പ്രദർശനം.
- 

പ്രവർത്തനം -

നാടകക്കളരി / ക്യാമ്പ്

ഉപമേഖല - ഭാഷയുടെ സർഗ്ഗാത്മക വികസനം

ലക്ഷ്യങ്ങൾ
കുട്ടികളിലെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കാൻ വേദിയൊരുക്കുക
പാഠഭാഗങ്ങളിൽ നാടകീകരണ സാധ്യതയുള്ളവ കണ്ടെത്തി അവതരിപ്പിക്കൽ

പ്രവർത്തനങ്ങൾ
അഭിനയ മുഹൂർത്തങ്ങൾക്ക് സാധ്യതയുള്ള പാഠഭാഗങ്ങൾ കണ്ടെത്തി അവതരിപ്പിക്കൽ.

കാലം

- വ്യവഹാര രൂപങ്ങളെ നാടകീകരണത്തിലേക്ക്മാറ്റി അവതരണം
- പ്രദേശത്തുള്ള നാടകകലാകാരന്മാരുടെ സഹായം പ്രയോജനപ്പെടുത്തി നാടക
- ശില്പശാലകൾ, ക്യാമ്പുകൾ സംഘടിപ്പിക്കൽ
- വർഷാവസാനം ക്ലാസിനൊരു നാടകം.

ചുമതല - എസ്.ആർ.ജി
സാമ്പത്തിക വിശകലനം
പ്രവർത്തനം -

വായനാകോർണർ

ഉപമേഖല - പത്രവായന പരിപോഷണം
ലക്ഷ്യങ്ങൾ
വിവിധ ആനുകാലികങ്ങളിലെ വിവരങ്ങൾ വായിച്ചറിയുക.
പത്രവായന പ്രോത്സാഹിപ്പിക്കുക
വിദ്യാലയത്തിൽ സജ്ജീകരിക്കുക.

പ്രർത്തനം

# Action Research

ലക്ഷ്യം -

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ, പിന്നോക്കക്കാർ ഇവരുടെ പഠന- പ്രശ്നങ്ങൾ ഗവേഷണാത്മകരീതിയിലൂടെ അറിഞ്ഞ്, പരിഹാര ബോധനപ്രവർ ത്തനങ്ങൾ കണ്ടെത്തി പഠനനേട്ടങ്ങൾക്ക് ഉടമകളാക്കി മാറ്റുക

പ്രവർത്തനങ്ങൾ

- പ്രീ-ടെസ്റ്റ് നടത്തി കുട്ടികളെ കണ്ടെത്തുന്നു.
- എസ്.ആർ.ജി,സി.പി.ടി.എ യിൽ അവതരിപ്പിക്കൽ
- വായന സാമഗ്രികൾ തയ്യാറാക്കൽ
- രക്ഷിതാക്കൾക്ക് ബോധവൽക്കരണക്ലാസ്
- കളിയരങ്ങ് - ക്യാമ്പ്
- പഠനപുരോഗതി നിർണയിക്കൽ, രേഖപ്പെടുത്തൽ
- എസ്.ആർ.ജി
- സി.പി.ടി.എ

പ്രവർത്തനം -

പുരാവസ്തു മ്യൂസിയം

ഉപമേഖല - പുരാവസ്തു പ്രദർശനം
ലക്ഷ്യങ്ങൾ : ചരിത്ര ശേഷിപ്പുകളോട് താത്പര്യം ജനിപ്പിക്കുന്നതിനും ചരിത്ര ശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുമുള്ള അവബോധം സൃഷ്ടിക്കൽ.

പ്രവർത്തനങ്ങൾ

- പുരാവസ്തുക്കൾ ശേഖരിച്ച് മ്യൂസിയം സജ്ജീകരിക്കുകയും ഓരോന്നിനും ലാബൽ ചെയ്യുകയും ചെയ്യുന്നു.
- പാഠഭാഗവുമായി ബന്ധപ്പെടുത്തി ഓരോ വസ്തുക്കളുടെ ഉപയോഗം, പിൻഗാമി എന്നിവ തിരിച്ചറിയുന്നു.

പ്രവർത്തനം -

<u>ബാലസഭ (ശലഭക്കൂട്ടം)</u>

ഉപമേഖല - സർഗ്ഗാത്മകവികസനം
ലക്ഷ്യങ്ങൾ

- കുട്ടികളിലെ സർഗ്ഗാത്മക കഴിവുകൾ വളർത്താൻ വേദിയൊരുക്കുക
- കുട്ടികളുടെ സഭാകമ്പം ഒഴിവാക്കുക

പ്രവർത്തനങ്ങൽ

- മാസാവസാനം ഒരു വെള്ളിയാഴ്ച ദിവസം എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ശലഭക്കൂട്ടം പരിപാടി നടത്തുന്നു.
- കുട്ടികളെ തന്നെ പരിപാടിയുടെ നേതൃത്വം ഏൽപ്പിക്കുന്നു.
- അധ്യാപകർ വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു.
- പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾക്കും അവസരം നൽകാൻ പ്രത്യേകം ശ്രദ്ധിക്കുന്നു.

കാലം - വർഷം മുഴുവൻ
ചുമതല - എല്ലാ അധ്യാപകർക്കും
സാമ്പത്തിക വിശകലനം
പാഠ്യപദ്ധതി വിനിമയം

കോവിഡ് കാലം സൃഷ്ടിച്ച പഠനവിടവ് കുട്ടികളുടെ വായന, ലേഖനം എന്നിവയെ സാരമായി ബാധിച്ചിട്ടുണ്ട്. കോവിഡ്

കാലത്ത് ഓൺലൈൻ പഠനസാധ്യതകൾ പ്രയോജനപ്പെടുത്തി പാഠ്യപദ്ധതി ഏറെക്കുറി വിനിമയം ചെയ്യാൻ അധ്യാപകർ ശ്രദ്ധിച്ചിട്ടുണ്ട്. എല്ലാ അധ്യാപകരും ഐ.ടി സാങ്കേതികവിദ്യയിൽ പരിശീലനം നേടിയവരാണ്. പാഠ്യപദ്ധതി വിനിമയവുമായി ബന്ധപ്പെട്ട അവസ്ഥാപഠനത്തിൽ ഓരോ ക്ലാസിലെയും എല്ലാ വിഷയങ്ങളുടെയും വിവിധ മേഖലകൾ പഠനവിധേയമാക്കി മേഖല തിരിക്കുന്നു.

വായന

**വായന**

| | | |
|---|---|---|
| ആശയ വ്യക്തതയോടെ സ്വതന്ത്രമായി വായിക്കുന്നു | അധ്യാപകന്റെ സഹായത്തോടെ വായിക്കുന്നു | വായിക്കാൻ ശ്രമിക്കുന്നു |
| | | |

**ഗണിതം**

മേഖല – പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.

| | | |
|---|---|---|
| കുട്ടി സ്വയം അപഗ്രഥിച്ച് പ്രശ്നം പരിഹരിക്കുന്നു | അധ്യാപകന്റെ സഹായത്തോടെ പ്രശ്നം പരിഹരിക്കുന്നു | പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നു. |
| | | |

പാഠ്യപദ്ധതി ആവശ്യപ്പെടുന്ന തരത്തിൽ ക്ലാസ് വിനിമയം ചെയ്യാൻ അധ്യാപകർക്ക് സാധിക്കുന്നുണ്ട്. പ്രക്രിയാ ബന്ധിത മായി പാഠങ്ങൾ ആസൂത്രണം ചെയ്യുന്നുണ്ട്. എല്ലാ വിലയിരുത്തൽ സാധ്യതകളും പ്രയോജനപ്പെടുത്തിയാണ് പാഠഭാഗങ്ങളുടെ ആസൂത്രണം നടത്തുന്നത്.

കലാകായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾ മുൻവർഷങ്ങളിൽ നല്ലരീതിയിൽ നടന്നുവന്നിരുന്നു. എങ്കിലും കായിക പ്രവർത്തനങ്ങൾ നടത്താൻ വ്യക്തമായ ഒരു കളി സ്ഥലമില്ലാത്തതിനാൽ പരിമിതി നേരിടുന്നു.

## പഠനാന്തരീക്ഷം

എല്ലാവിഭാഗം കുട്ടികളെയും ഉൾക്കൊള്ളുന്ന പഠനാന്തരീക്ഷം ഞങ്ങളുടെ വിദ്യാലയത്തിലുണ്ട്. ശിശു സൗഹൃദരീതിയിലൂന്നിയ പഠനാന്തരീക്ഷം, അനുയോജ്യമായ പഠനോപകരണങ്ങൾ എന്നിവയും ഞങ്ങളുടെ വിദ്യാലയത്തിന്റെ മേന്മകളാണ്.
കളിയുപകരണങ്ങൾ വിദ്യാലയത്തിൽ ആവശ്യത്തിനുണ്ട്. എന്നാൽ കായിക ഉപകരണങ്ങൾ കുറവാണ്. വിദ്യാഭ്യാസത്തിന് ഉതകുന്നവിധമുള്ള കളിസ്ഥലം വിദ്യാലയത്തിലില്ല.

## ഭൗതിക സാഹചര്യം

മികവിന്റെ കേന്ദ്രമായി വളരുകയാണ് വിദ്യാലയം. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ലാബുകൾ(ശാസ്ത്രം, ഗണിതം) മികച്ച വിദ്യാലയ ലൈബ്രറി, ശുദ്ധജല ലഭ്യത എന്നിവ വിദ്യാലയത്തിലുണ്ട്.

ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലറ്റ്, ശിശു സൗഹൃദ ടോയ്‌ലറ്റ്മറ്റ് ശുചിമുറികൾ എന്നിവ വിദ്യാലയകാമ്പസിനകത്തുണ്ട്.

ഭക്ഷണം തയ്യാറാക്കുന്നതിനാവശ്യമായ പാചകപ്പുര,  ഭക്ഷണഹാൾ വിദ്യാലയത്തിലുണ്ട്.

## സാമൂഹ്യ ഇടപെടലുകൾ

വിദ്യാലയത്തിന്റെ എല്ലാ പ്രവർത്തനങ്ങളുമായി സഹകരിച്ചുപോകുന്ന ശക്തമായ പി.ടി.എ, എസ്.എം.സി, പൂർവ്വ വിദ്യാർത്ഥി സംഘടന എന്നിവ വിദ്യാലയത്തിനുണ്ട്. അക്കാദമിക വും ഭൗതികവുമായ എല്ലാ വിദ്യാലയ പ്രവർത്തനങ്ങളിലും എന്നും മുന്നിൽ നിൽക്കുന്നുണ്ട്.

## വിദ്യാലയം നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും

അക്കാദമിക നിലവാരത്തിൽ ഏറെ മുന്നിൽ നിൽക്കുന്ന ഈ വിദ്യാലയം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി നല്ലൊരു കളിസ്ഥലമില്ല എന്നതാണ്  .കലാകായിക മികവുള്ള വിദ്യാർത്ഥികൾ ഏറെയുണ്ടെങ്കിലും അവർ ക്ക് പരിശീലനം നൽകാൻ പ്രാപ്തമായ അധ്യാപകർ ഇല്ലെന്നതും ഒരു വലിയ പ്രശ്നം തന്നെയാണ്.

ബി.ആർ.സി തലത്തിൽ നിന്നും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി ആവശ്യമായ അധ്യാപകരെ ലഭിക്കുന്നില്ലെന്നുള്ളതും ഒരു പരിമിതിയായി നിലനിൽക്കുന്നു.
കൂടാതെ ഭിന്ന ശേഷിക്കാർക്ക് ഒരു ടോയ്ലറ്റ് ഇല്ല എന്നുള്ളത് ഒരു പ്രശ്നമായി നിലനിൽക്കുന്നു.